**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2050** **01-09-2022 - ൽ മറുപടിയ്ക്ക്**

**അഗ്നിസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീപിടുത്തങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അഗ്നിസുരക്ഷ വകുപ്പിന്റെ പ്രവർത്തനം ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സമീപ കാലത്ത് സംസ്ഥാനത്തുണ്ടായ എല്ലാവിധ തീപിടുത്ത അപകടങ്ങളിലും കാര്യക്ഷമമായ രീതിയിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധുനിക അഗ്നിശമന രക്ഷാ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കി അവ രക്ഷാ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. |
| (ബി) | ഭാരമേറിയ അഗ്നിശമന വാഹനങ്ങൾ കൊണ്ടുപോകാൻ സാധിക്കാത്ത റോഡുകളിൽ അവയ്ക്ക് പകരം ഉപയോഗിക്കാവുന്ന ബദൽ ഉപകരണങ്ങൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലുമുള്ള ഇടുങ്ങിയ റോഡുകളിലൂടെ അനായാസം യാത്ര ചെയ്ത് ഫസ്റ്റ് റെസ്പോണ്ടറായി പ്രവർത്തിക്കുവാൻ ഉതകുന്ന 87 ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ വകുപ്പിലുണ്ട്. 35 ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ച് വരികയാണ്. കൂടാതെ വാട്ടർമിസ്റ്റ് സംവിധാനത്തോടു കൂടിയ ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് വാഹനങ്ങൾ, മിനി വാട്ടർ മിസ്റ്റ് ടെണ്ടർ തുടങ്ങിയ വാഹനങ്ങളും വകുപ്പിലുണ്ട്. |
| (സി) | വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികീകരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | (1) 2022-23 സാമ്പത്തിക വർഷത്തിൽ 72.5 കോടി രൂപ അഗ്നിരക്ഷാ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിനും നവീകരണത്തിനുമായി അനുവദിച്ചിട്ടുണ്ട്.<br><br>2.പുതിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു.<br><br>3.മലയോര മേഖലകൾ കേന്ദ്രീകരിച്ച് അവിടങ്ങളിലെ ട്രൈബൽ വിഭാഗങ്ങളിലെ സന്നദ്ധരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് സിവിൽ ഡിഫൻസ് പദ്ധതി |

| | | | |
|---|---|---|---|
| | | | ആരംഭിച്ച് പരിശീലനം നൽകുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>4. സിവിൽ ഡിഫൻസ് ശാക്തീകരണത്തിനായി വാർഷിക പദ്ധതിയിനത്തിലെ ഫണ്ടുപയോഗിച്ച് ഒരു മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ, ഒരു ആംബുലൻസ്, 800 ഗംബൂട്ടുകൾ, 800 സേഫ്റ്റി ഹെൽമറ്റുകൾ എന്നിവ അടക്കമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്.<br><br>5. യുവാക്കൾക്ക് തൊഴിൽ അധിഷ്ഠിതമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരള അഗ്നിരക്ഷാ സേവന വകുപ്പിന് കൂടുതൽ പ്രവർത്തന മികവ് കൈവരിക്കുന്നതിനുമായി കണ്ണൂർ ആസ്ഥാനമായി ഫയർ ആന്റ് സേഫ്റ്റി സയൻസിൽ പോസ്റ്റ് ഗ്രാജ്വുവേറ്റ് ആന്റ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.<br><br>6. 14 ജില്ലാ ആസ്ഥാന നിലയങ്ങളിലായി 100 ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>7. ബഹുനില കെട്ടിടങ്ങളിലുണ്ടാകുന്ന തീപിടുത്തം പോലെയുള്ള അപകടങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് ഉപകാരപ്രദമായ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം എന്ന അത്യാധുനിക അഗ്നിശമന രക്ഷാ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ